**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 473** **08-06-2021 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. കെ.എം.സച്ചിൻദേവ് | | Shri. V. N. Vasavan<br>(സഹകരണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ വകുപ്പ് മുഖേന നടപ്പാക്കിവരുന്ന അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി പ്രകാരം എത്ര പേർക്ക് ചികിത്സ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്; കണക്ക് ലഭ്യമാക്കാമോ; | (എ) | അട്ടപ്പാടിയിലെ ആദിവാസി സമൂഹത്തിന്റെ സമഗ്ര ആരോഗ്യ പരിരക്ഷ ലക്ഷ്യമിട്ട് അഗളി, പുതൂർ, ഷോളയാർ എന്നീ പഞ്ചായത്തുകളിലെ ആദിവാസികൾ ഉൾപ്പെടെയുള്ള പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിൽസ ലഭ്യമാക്കുന്നതിനും ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക ചികിൽസയും പോഷകാഹാരവും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയും 2018 ജൂൺ മാസം 26 ന് സഹകരണ വകുപ്പും പെരിന്തൽമണ്ണ ഇ.എം.എസ് മെമ്മോറിയൽ സഹകരണ ആശുപത്രിയും ചേർന്ന് നടപ്പിലാക്കി വരുന്ന അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി പ്രകാരം, ഒ.പി. വിഭാഗത്തിൽ 3042 പേരെയും, ഐ.പി വിഭാഗത്തിൽ 2022 പേരെയും ഇൻവെസ്റ്റിഗേഷനു മാത്രമായി 1860 പേരെയും ചേർത്ത് ആകെ 6924 പേർക്ക് ചികിൽസ ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | മാതൃ-ശിശു പരിചരണത്തിനായി ഈ പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിയ്ക്കാമോ; | (ബി) | അട്ടപ്പാടിസമഗ്ര ആരോഗ്യ പദ്ധതി പ്രകാരം മാതൃ-ശിശു പരിചരണത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കി വരുന്നു. ഗർഭിണികളായ സ്ത്രീകൾക്ക് ഗൈനക്കോളജിസ്റ്റിന്റെ സേവനവും ന്യൂട്രീഷ്യൻ ലഭിക്കുന്ന ഭക്ഷണങ്ങളുടെ ലഭ്യതയും പദ്ധതിയിലൂടെ ഉറപ്പാക്കുന്നു. പ്രതിരോധ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ, മാതൃ-ശിശു സംരക്ഷണം സംബന്ധിച്ച ബോധവൽക്കരണ ക്ലാസുകൾ, തെരുവു നാടകങ്ങൾ എന്നിവ ഈ പദ്ധതിയുടെ ഭാഗമായി ആദിവാസി ഊരുകളിൽ നടത്തിവരുന്നു. ഇതിനു പുറമെ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്റ്റാഫുകൾ, ആശാവർക്കർമാർ, അംഗൻവാടി ജീവനക്കാർ എന്നിവർക്ക് മാതൃ-ശിശു സംരക്ഷണത്തെ സംബന്ധിച്ച ബോധവൽക്കരണ |

| | | | |
|---|---|---|---|
| | | | ക്ലാസുകൾ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ചു വരുന്നു. അട്ടപ്പാടിയിലെ ശിശു മരണം 2018 വർഷത്തിൽ 13ആയിരുന്നത് 2020 ആയപ്പോഴേയ്ക്കും രണ്ടായി കുറഞ്ഞു. ശിശു മരണ നിരക്ക് 0% ആക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി മുന്നോട്ട് പോകുന്നത്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം ആശുപത്രികളിലെ ചികിത്സാസൗകര്യങ്ങളാണ് അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങൾക്ക് ലഭ്യമാകുന്നതെന്ന് അറിയിയ്ക്കാമോ? | (സി) | അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി പ്രകാരമുള്ള ചികിൽസകൾ പെരിന്തൽമണ്ണ ഇ.എം.എസ് മെമ്മോറിയൽ സഹകരണ ആശുപത്രി മുഖേനയാണ് ലഭ്യമാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ